ദീർഘദൂര ഫ്ളൈ ഓവറുകൾ നിർമ്മിക്കാൻ നടപടി

139 (T2858) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിന് ദീർഘദൂര ഫ്ളൈ ഓവറുകൾ നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

ഇപ്പോൾ പദ്ധതികളൊന്നുമില്ല.

ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് മാനദണ്ഡം

140 (2859) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ നിന്നും സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡം വ്യക്തമാക്കി കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇപ്പോൾ ക്വാർട്ടേഴ്സ് ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് സർക്കാരിന്റെ കൈവശമുള്ളത് ;

(സി) സീനിയോറിറ്റി അടിസ്ഥാനത്തിൽ ഏത് തീയതി വരെ അപേക്ഷിച്ചവർക്കാണ് അവസാനം ക്വാർട്ടേഴ്സ് നൽകിയത് ;

(ഡി) ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് പ്രത്യേകാനുമതി സർക്കാരിൽ നിന്നും നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.†

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉണ്ട്.

മരാമത്ത് വകുപ്പിൽനിന്നും പുനർവിന്യസിക്കപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ശമ്പളം

141 (2860) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു
† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(എ) മരാമത്ത് വകുപ്പിൽനിന്നും തദ്ദേശ സ്വയംഭരണവകുപ്പിന് വിട്ടുകൊടുത്തതും ഗ്രാമപഞ്ചായത്തുകളിൽ പുനർവിന്യസിച്ചതുമായ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ശമ്പള ബിൽ പൊതുമരാമത്ത് വകുപ്പിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അംഗീകരിച്ച് നൽകുന്നതിനുള്ള വ്യവസ്ഥകളെന്തൊക്കെയാണ് ;

(ബി) ജോലി ചെയ്യുന്ന ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റ് നൽകുന്ന ഹാജർ സർട്ടിഫിക്കറ്റും പ്രസിഡന്റ് അംഗീകരിച്ച മുൻകൂർ യാത്രാപരിപാടികളും നൽകാതെ ശമ്പള ബിൽ അംഗീകരിക്കുമോ ;

(സി) കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിലേക്ക് നിയമിച്ച അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ശമ്പള ബിൽ എങ്ങനെയാണ് അംഗീകരിച്ചതെന്ന് ഓരോ പഞ്ചായത്തിന്റെയും കാര്യം വെവ്വേറെ വിശദമാക്കാമോ ;

(ഡി) ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി ശമ്പള ബിൽ അംഗീകരിച്ചുനൽകിയത് അവരുടെ ബാദ്ധ്യതയായി കണക്കാക്കുമോ എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇവർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ശമ്പള ബിൽ പാസ്സാക്കുന്നത്.

(ബി) അംഗീകരിക്കാൻ കഴിയുകയില്ല.

(സി) വിശദവിവരങ്ങൾ അതതു ഓഫീസുകളിൽനിന്നും ശേഖരിച്ചു കൊണ്ടിരിക്കുന്നു.

(ഡി&ഇ) ഉത്തരവിന് വിരുദ്ധമായി പ്രവർത്തിച്ചതായി ബോദ്ധ്യപ്പെട്ടാൽ ശിക്ഷണനടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിൽ പുനർവിന്യാസം നടത്തിയ തസ്തികകൾ

142 (2861) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഏതെല്ലാം തസ്തികകളിലാണ് പുനർവിന്യാസം നടപ്പിലാക്കിയത് ;

(ബി) ഇത്തരം തസ്തികകളുടെ പുനർവിന്യാസം പൂർത്തിയായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പുനർവിന്യാസം നടപ്പിലാക്കിയത് ;

LIBRARY ARCHIVES Kerala Legislative Assembly